**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4253** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഖാദിയുടെ ലേബലിൽ വ്യാജ ഉല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിവർഷം എത്ര രൂപയുടെ ഖാദി ഉല്പന്നങ്ങൾ വിൽക്കപ്പെടുന്നുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്; ഇതിൽ സർക്കാരിന്റെ അംഗീകൃത സ്ഥാപനങ്ങൾ വഴി എത്ര രൂപയുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യപ്പെടുന്നുണ്ട്; | (എ) | സംസ്ഥാനത്ത് 115 (നൂറ്റിപതിനഞ്ച്) കോടി രൂപയുടെ ഖാദി ഉല്പന്നങ്ങൾ പ്രതിവർഷം വിറ്റഴിക്കപ്പെടുന്നു. ഇത് പൂർണമായും സർക്കാർ അംഗീകൃത ഖാദി സ്ഥാപനങ്ങൾ വഴിയാണ് വിറ്റഴിക്കുന്നത്. |
| (ബി) | ഖാദിയുടെ ലേബലിൽ വ്യാജ ഉല്പന്നങ്ങൾ വൻ തോതിൽ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുണനിലവാരം കുറഞ്ഞതും പവർ ലൂമിലും മറ്റും ഉല്പാദിപ്പിച്ച് വരുന്നതുമായ ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ഖാദിയുടെ ലേബലിൽ വിൽക്കപ്പെടുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; | (ബി) | ഉണ്ട്. പൊതുജനങ്ങളിൽ യഥാർത്ഥ ഖാദി എവിടെ ലഭ്യമാകും എന്ന അവബോധം സൃഷ്ടിച്ചും, അംഗീകാരമില്ലാതെ “ഖാദി” എന്ന വാക്ക് ഉപയോഗിക്കുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിച്ചും യഥാർത്ഥ ഖാദി വിൽക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | വ്യാജ ഖാദി ഉല്പന്നങ്ങൾ വിപണനം ചെയ്യുതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഏതെങ്കിലും സ്ഥാപനങ്ങൾക്ക് വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | വ്യാജ ഖാദി ഉല്പന്നങ്ങൾ വിപണനം ചെയ്യുതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ഒരു സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽ വ്യാജ ഖാദി വില്പന നടത്തിയ സ്ഥാപനത്തിനെതിരെ നടപടി സ്വകരിച്ചെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന്റെ പേരിൽ നിന്നും 'ഖാദി' എന്ന വാക്ക് മാറ്റി ഇപ്പോഴും പ്രവർത്തനം തുടരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഖാദിയുടെ ലേബലിൽ വ്യാജ ഉല്പന്നങ്ങളുടെ വിപണനം തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ